പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2882 | 02.04.2013 ൽ - മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>,, പാലോട് രവി :<br>,, ഷാഫി പറമ്പിൽ :<br>,, അൻവർ സാദത്ത് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ ലഭ്യത ഉപഭോക്താവിന് മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പൊതുവിതരണം സംബന്ധിച്ച സാധാരണ ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കപ്പെടുന്നതിനായി സർക്കാർ ഒരു സുതാര്യ വൽകൃത വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഏറ്റെടുക്കുന്നതു മുതൽ അതു റേഷൻ കടകളിൽ എത്തുന്നതു വരെയുള്ള എല്ലാ വിവരങ്ങളും ഇതിൽ രജിസ്റ്റർ ചെയ്യുന്ന ഏതൊരു പൗരനും എസ്.എം.എസ്. വഴി ലഭ്യമാക്കുന്ന എഫ്.എം.പി.ഡി.എസ് (Food grain Movement for effective Public Distribution System) പദ്ധതിയുടെ ഉദ്ഘാടനം 14.12.2012ൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. |
| (ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാകും എന്നാണ് കരുതുന്നത്; | (ബി) ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഏറ്റെടുക്കുന്നതു മുതൽ അത് റേഷൻകടകളിൽ എത്തുന്നതു വരെയുള്ള എല്ലാ വിവരങ്ങളും എസ്.എം.എസ്. വഴി ഏതൊരു പൗരനും ലഭ്യമാകും എന്നതിനാലും ഇതിലൂടെ പൊതുവിതരണ ശൃംഖല ഏറ്റവും സുതാര്യവും, കാര്യക്ഷമവും ആകുന്നതിനാലും, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പും ഒരു പരിധിവരെ തടയുവാൻ എഫ്.എം.പി.ഡി. എസ്. പദ്ധതി വളരെയധികം പ്രയോജനപ്പെടും. |
| (സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താവിന് ലഭിക്കുന്നതെന്ന് വിശദീകരിക്കാമോ; | (സി) എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ പുറപ്പെടുമ്പോൾ പുറപ്പെടുന്ന തീയതി, സമയം, ട്രക്ക് നമ്പർ, അംഗീകൃത ഡീലറുടെ നമ്പർ, ഭക്ഷ്യധാന്യങ്ങളുടെ അളവ്, വില, സ്കീം എന്നീ വിവരങ്ങളാണ് എസ്.എം. എസ്.-ലൂടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉപഭോക്താവിന് ലഭ്യമാക്കുന്നത്. |
| (ഡി) വിവരങ്ങൾ കൃത്യമായി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്? | (ഡി) വിവരങ്ങൾ കൃത്യതയോടെ ഉപഭോക്താവിൽ എത്തിക്കുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും സാധനങ്ങൾ ഡീലറുടെ അടുത്ത് എത്തുന്നതുവരെയുള്ള കാര്യങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ